**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6016** **09-07-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മുള വ്യവസായ മേഖലയിലെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ പരമ്പരാഗത മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുന്നു.<br><br>കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നു.<br><br>പരിശീലകർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നു.<br><br>പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു.<br><br>മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നു.<br><br>മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് 2004 മുതൽ തുടർച്ചയായി സംസ്ഥാനത്ത് സംഘടിപ്പിക്കുന്നു. |

കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിൻറെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് ബാംബൂ ഡെവലപ്മെൻറ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ്.

മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിൽ സംസ്ഥാന ബാംബൂ മിഷൻ എൻ.ജി.ഒ/സൊസൈറ്റി/ ഗ്രൂപ്പുകൾ മുഖേന മുള കൊണ്ട് കരകൗശല വസ്തു നിർമ്മാണ മേഖലയിൽ വിവിധതരം പരിശീലന പരിപാടികൾ നൽകി വരുന്നു.

മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിശീലന പരിപാടിയും

പരിശീലകർക്കുള്ള പരിശീലന പരിപാടി.

കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ (NID) സഹകരണത്തോടു കൂടി മുള മേഖലയിലെ ആധുനികവും നൂതനവുമായ സാങ്കേതികവിദ്യ കരകൗശലക്കാർക്ക് പകർന്നു നൽകുന്ന തിനും മുളമേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പുതുമയുള്ളതും വ്യത്യസ്ഥവുമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു വരുന്നു.

സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പികുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത കരകൗശലക്കാരുടെ ഉൽപ്പന്ന പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയ ശേഷം മൂല്യവർദ്ധിത ഉത്പാദനത്തിലേക്ക് നയിക്കുംവിധം അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി കരകൗശല പ്രവർത്തകരുടെ യൂണിറ്റുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും ആവശ്യമായ ടൂൾസും അനുബന്ധ ലഘു ഉപകരണങ്ങളും സംസ്ഥാന ബാംബൂ മിഷൻ നൽകി വരുന്നു.

സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ / സംരംഭകർ/ എൻ.ജി.ഒ/ എസ്.എച്ച്.ജി എന്നിവരുടെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി

ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യ വത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസിന് പരിസരത്ത് **ബാംബൂ ഇന്നവേഷൻ സെൻറർ** സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ അന്തർ ദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ പ്രതിനിധികളെ സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു. കൂടാതെ മുളമേഖലയിലെ വിപണന വികസനത്തിനായി സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ **കേരള ബാംബൂ ഫെസ്റ്റ്.**

20-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്തിൽ 2024 ജനുവരി 12 മുതൽ 17 വരെ സംഘടിപ്പിച്ചു. 200 സ്റ്റാളുകളിലായി കേരളത്തിൽനിന്നും മറ്റ് 10 സംസ്ഥാനങ്ങളിൽ നിന്നുമായി 386 കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തു.

2024-25 സാമ്പത്തിക വർഷത്തിൽ കേരള ബാംബൂ ഫെസ്റ്റിന്റെ 21-ാമത് എഡിഷൻ 2024 ഡിസംബർ മാസം കൊച്ചിയിൽ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 200 സ്റ്റാളുകളിലായി മുള കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുപ്പിക്കും.

ബാംബൂ കോർപ്പറേഷൻ സംസ്ഥാന ബാംബൂ മിഷൻ വഴി നാഷണൽ ബാംബൂ മിഷന്റെ ഫണ്ടുപയോഗിച്ച് കോതമംഗലത്ത് മുളയുൽപ്പന്ന ങ്ങളുടെ നിർമ്മാണ പരിശീലനത്തിനായി ഒരു കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ മെഷീനറികളുപയോഗിച്ച് മുളയുല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നൽകുന്നതിന് സാധിക്കുന്നതാണ്.

മുള പ്ലാൻറേഷൻ, മുള നഴ്സറികളുടെ വികസനം, ബിസിനസ്സ് ഇൻകുബേഷൻ സെൻറർ, മുള സംസ്കരണ പ്ലാൻറ്, പ്രോസസ്സിംഗ് യൂണിറ്റ്, കരകൌശല നിർമാണ യൂണിറ്റ് തുടങ്ങിയ പദ്ധതികൾക്കു വേണ്ടി നാഷണൽ ബാംബൂ മിഷനിൽ

| | | | |
|---|---|---|---|
| | | | നിന്നും സാമ്പത്തിക സഹായവും സംസ്ഥാന വിഹിതവും ചേർത്ത് വിവിധ സർക്കാർ/പ്രൈവറ്റ് ഏജൻസികൾ മുഖേന ബാംബൂ മിഷൻ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത മേഖലകളിലെ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ? | (ബി) | ബാംബൂ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത മേഖലകളിലെ തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ഈറ്റ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ